## ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടി ക്രമം
## തിരുവനന്തപുരം

വിഷയം:- ആവഡ-ജീവനക്കാര്യം -പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൽട്ടൻറ് ഡോ.ശിഖ സുഗതൻ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യുണൽ മുൻപാകെ ഫയൽ ചെയ്ത 953/24 നമ്പർ കേസിന്മേലുള്ള 27/6/2024-ലെ ഉത്തരവ് അനുപാലിച്ചു കൊണ്ട് ഉത്തരവ് -പുറപ്പെടുവിക്കുന്നു.

പരാമർശം:-
1) OA നമ്പർ 953/24 കേസിന്മേലുള്ളബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യുണലിന്റെ 27/6/2024-ലെ ഉത്തരവ്.
2) പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൽട്ടൻറ് ഡോ.ശിഖ സുഗതൻ സമർപ്പിച്ച Annexure A6 പ്രകാരമുള്ള 18/6/2024- ലെ നിവേദനം.
3) ഉത്തരവ് നം.ഇ.ബി4-9298/24/ആവഡ തീയതി 14/6/2024
4) സ.ഉ(സാധാ)1989/23/ആകുവ തീയതി 07/8/2023 .

**ഉത്തരവ് നം : ഇബി4/ 17123/2024 /ആവഡ തിയതി : 26-07-2024**

പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൽട്ടൻറ് തസ്തികയിലെ 2024 പൊതുസ്ഥലമാറ്റവുമായി ബന്ധപ്പെട്ടു് ജൂനിയർ കൺസൽട്ടന്റ് (പീഡിയാട്രിക്സ്) ഡോ.ശിഖ സുഗതൻ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, തിരുവനന്തപുരം മുമ്പാകെ 953/24 നമ്പർ OA ഫയൽ ചെയ്തിരുന്നു. ആയതിന്മേൽ 2024 പൊതുസ്ഥലമാറ്റത്തിന്റെ അന്തിമ പട്ടിക പുറപ്പെടുവിക്കുന്നതിന് മുൻപ് അപേക്ഷക സമർപ്പിച്ചിട്ടുള്ള Annexure A6 പ്രകാരമുള്ള അപേക്ഷ രണ്ടാം റെസ്പോൺഡെന്റ് ആയ ആരോഗ്യ വകുപ്പ് ഡയറക്ടർ പരിഗണിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ബഹു.കേരള

അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പരാമർശം (1) പ്രകാരം ഉത്തരവ് വിധിന്യായത്തിൽ നിർദ്ദേശിച്ചിട്ടുണ്ട് .

2. പരാമർശം രണ്ടിലെ Annexure A6 നിവേദനത്തിൽ താഴെപ്പറയുന്ന വാദങ്ങളാണ് ഹർജിക്കാരി ഉന്നയിച്ചിരിക്കുന്നത്.

(എ). 09/3/2023ൽ അപേക്ഷക 2023 പൊതുസ്ഥലം മാറ്റത്തിൽ അപേക്ഷ സമർപ്പിച്ചിരുന്നു. ആയതിൽ 6 ഓപ്ഷനുകൾ നൽകിയിരുന്നു.അപേക്ഷക ആലപ്പുഴ ജില്ലയിലെ കായംകുളം സ്വദേശി ആണ്. വാസസ്ഥലത്ത് നിന്നും 50 മുതൽ 65 കിലോമീറ്റർ വരെ ദൂരമുള്ള സ്ഥലങ്ങളിലേക്കാണ് ഓപ്ഷൻ നൽകിയിരുന്നത്. 2023 ലെ പൊതുസ്ഥലമാറ്റ കരട് പട്ടികയിൽ ഒന്നാമത്തെ ഓപ്ഷൻ ആയ താലൂക്കാസ്ഥാന ആശുപത്രി,ശാസ്താംകോട്ട പരിഗണിച്ചിരുന്നു. എന്നാൽ അന്തിമ സ്ഥലംമാറ്റ ഉത്തരവിൽ ടിയാനെ ഉൾപ്പെടുത്തിയിരുന്നില്ല. പകരം അപേക്ഷക ഓപ്റ്റ് ചെയ്യാതിരുന്ന ഇടുക്കി ജില്ലയിലെ അടിമാലി താലൂക്കാസ്ഥാന ആശുപത്രിയിലേക്ക് സ്ഥലം മാറ്റി ഉത്തരവായിരുന്നു. ടി ഉത്തരവിനെതിരെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ O.A. 972/2023 നം.കേസ് ഫയൽ ചെയ്തിരുന്നു. പ്രസ്തുത കേസിന്മേൽ സർക്കാർ തീരുമാനമെടുക്കാൻ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഉത്തരവായിരുന്നു.

(ബി). ആയത് പ്രകാരം സർക്കാർ പുറപ്പെടുവിച്ച ഉത്തരവിൽ "ഇതേ കേഡറിൽ ആലപ്പുഴ ജില്ലയിൽ ഇനി വരുന്ന ഒഴിവിൽ ഡോ.ശിഖ സുഗതനെ നിയമിക്കുന്നതിന് അനുഭാവപൂർവ്വം പരിഗണിക്കണമെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദേശം നൽകി കൊണ്ട് ഉത്തരവാകുന്നു"എന്ന് വ്യക്തമാക്കിയിരുന്നു. എന്നാൽ 2024 ലെ പൊതുസ്ഥലമാറ്റ കരടിൽ സർക്കാർ ഉത്തരവ് പരിഗണിക്കാതെ കരട് പട്ടികയിൽ അപേക്ഷകയെ പരിഗണിച്ചില്ല. ആലപ്പുഴ ജില്ലയിൽ സേവനമനനുഷ്ഠിക്കുന്ന ഡോ.ജയന്തി ഏഞ്ചല ജെയിംസ്,ഡോ.അരുൺ എസ്.രാജ്, ഡോ.ശ്രീപ്രസാദ് .ടി.ജി എന്നിവരെ 2024 പൊതുസ്ഥലമാറ്റ കരട് പട്ടികയിൽ ആലപ്പുഴ ജില്ലയിലേക്ക് പരിഗണിച്ച് ഉൾപ്പെടുത്തിയിരുന്നു. അപേക്ഷകയ്ക്ക് പ്ലസ് 2 കഴിഞ്ഞ ഒരു മകളും ഒന്നാം ക്ലാസ്സിൽ പഠിക്കുന്ന മകനും ഉണ്ട്. കുട്ടികളുടെ സംരക്ഷണം,

രോഗാവസ്ഥയിൽ കഴിയുന്ന മാതാപിതാക്കളുടെ സംരക്ഷണം എന്നിവ അപേക്ഷകയുടെ ചുമതലയിൽ പെട്ടതാണ്. ആയതിനാൽ സർക്കാർ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിലും കുടുംബ പരമായ പ്രയാസങ്ങളുടെയും ബുദ്ധിമുട്ടുകളുടെയും അടിസ്ഥാനത്തിലും അപേക്ഷകയ്ക്ക് ആലപ്പുഴ ജില്ലയിലേക്ക് സ്ഥലമാറ്റം നൽകുന്നതിന് പട്ടികയിൽ ഉൾപ്പെടുത്തണമെന്നതാണ് അപേക്ഷകയുടെ ആവശ്യം.

3. മേല്പ്പറഞ്ഞ വാദഗതികൾ വിശദമായി പരിശോധിച്ചു.
പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൽട്ടന്റ് തസ്തികയിൽ ആലപ്പുഴ ജില്ലയിൽ ഓപ്പൺ ഒഴിവുകൾ ഒന്നും തന്നെ നിലവിലില്ല. 2024 പൊതുസ്ഥലമാറ്റത്തിൽ ഡോ.ശിഖ സുഗതൻ ഓൺലൈൻ മുഖേന ട്രാൻ ഫർ അപേക്ഷ സമർപ്പിച്ചിട്ടുമില്ല. പ്രസ്തുത സാഹചര്യത്തിൽ ഡോ.ശിഖ സുഗതനെ 2024-ലെ പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൽട്ടൻറ് തസ്തികയിലെ പൊതുസ്ഥല പട്ടികയിൽ ഉൾപ്പെടുത്തുവാൻ കഴിയില്ല. ആയതിനാൽ ടിയാൾ സമർപ്പിച്ച Annexure A6 ഹർജിയിലെ ആവശ്യം നിരസിച്ചു കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

4. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA നമ്പർ 953/2024 കേസിന്മേലുള്ള പരാമർശം 1 വിധിന്യായം ഇപ്രകാരം അനുപാലിച്ചു കൊള്ളുന്നു.

Signed by
Reena K J
Date: 26-07-2024 11:41:58
**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്: ഡോ.ശിഖ സുഗതൻ , ജൂനിയർ കൺസൽട്ടൻറ് (പീഡിയാട്രിക്സ്), താലൂക്കാസ്ഥാന ആശുപത്രി , അടിമാലി , ഇടുക്കി

പകർപ്പ് : 1)അഡ്വക്കേറ്റ് ജനറൽ,തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
2)ജില്ലാ മെഡിക്കൽ ഓഫീസർ(ആ), ഇടുക്കി

3)സ്റ്റോക്ക് ഫയൽ